**കേരള സർക്കാർ**

സംഗ്രഹം

ശമ്പള പരിഷ്കരണം 2014 – ഹിന്ദു മത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിലെ ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയുടെ ശമ്പള സ്കെയിൽ ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (അനോമലി റെക്റ്റിഫിക്കേഷൻ സെൽ) വകുപ്പ്

സ.ഉ.(എം.എസ്) നം.453/2017/(83)/ധന തീയതി, തിരുവനന്തപുരം,17/10/2017

---

പരാമർശം:- 1. 20.01.2016 ലെ സ.ഉ.(പി) നം.7/2016/ധന നമ്പർ ഉത്തരവ്.

2. മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 28.11.2016 ലെ ജെ 1 - 2676/2016/ എം.ഡി.ബി നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം ഉത്തരവ് പ്രകാരം സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള സ്കെയിലുകൾ 01/07/2014 മുതൽ പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിലെ ഇൻസ്പെക്ടർ ഗ്രേഡ് II തസ്തിക 22200-48000 രൂപ ശമ്പള സ്കെയിലിലും കോമൺ കാറ്റഗറിയിലെ സീനിയർ ക്ലാർക്ക് തസ്തിക 25200-54000 രൂപ ശമ്പള സ്കെയിലുമാണ് നിലവിലുള്ളത്. ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിലെ ഇൻസ്പെക്ടർ ഗ്രേഡ് II, ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികകൾ കോമൺ കാറ്റഗറിയിലെ യഥാക്രമം സീനിയർ ക്ലാർക്ക്, ഹെഡ് ക്ലാർക്ക് തസ്തികകളുമായി പരസ്പരം മാറാവുന്ന തസ്തികകളാണെന്നും തത്തുല്യ ക്ലറിക്കൽ തസ്തികകളിൽ നിന്ന് ഇൻസ്പെക്ടർ ആയി നിയമിക്കപ്പെടുന്നത് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലല്ലെന്നും പരാമർശം കത്ത് പ്രകാരം മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിരിക്കുന്നു. ഇൻസ്പെക്ടർ ഗ്രേഡ് II, സീനിയർ ക്ലാർക്ക് തസ്തികകൾക്ക് വ്യത്യസ്ത ശമ്പള സ്കെയിൽ അനുവദിച്ചിരിക്കുന്നത് മൂലം സീനിയർ ക്ലാർക്കുമാരിൽ നിന്നും ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ നിയമനം നടത്തുന്നതിന് ഭരണപരമായ അസൗകര്യം നേരിടുന്നുണ്ടെന്നും ആയതിനാൽ ഇൻസ്പെക്ടർ ഗ്രേഡ് II

തസ്തികയുടെ ശമ്പള സ്കെയിൽ സീനിയർ ക്ലർക്കിന്റെ ശമ്പള സ്കെയിലിനോട് തുല്യമാക്കി ഉയർത്തണമെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ ചൂണ്ടിക്കാട്ടിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിലെ ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയുടെ നിലവിലെ ശമ്പള സ്കെയിൽ 22200-48000 ൽ നിന്നും 25200-54000 രൂപ ആയി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഈ ഉത്തരവിന് 01.07.2014 മുതൽ പ്രാബല്യമുണ്ടായിരിക്കും. എന്നാൽ 30.09.2017 വരെ സാമ്പത്തിക ആനുകൂല്യം സാങ്കൽപ്പികമായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജി. അശോക് കുമാർ**
ജോയിന്റ് സെക്രട്ടറി(ധനകാര്യം)

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ/ജി & എസ്.എസ്.എ)
കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഇ & ആർ.എസ്.എ),കേരള,
തിരുവനന്തപുരം
ഗവൺമെന്റ് സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ,
ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ
കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം.
നോഡൽ ഓഫീസർ, www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവരവും പൊതുജന സമ്പർക്കവും വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ-408537)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ